# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 59 - 27/02/2018 -ലെ മറുപടിക്ക്

### 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ഡി.സതീശൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. വി.ടി.ബൽറാം

ശ്രീ. അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

<table>
<tr><th colspan="2">ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>എ</td><td>2011-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; അത് പൂർണ്ണ തോതിൽ പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ;</td><td rowspan="2">2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുസരിച്ചുള്ള പ്രധാന വ്യവസ്ഥകളും കൈവരിച്ച നേട്ടവും ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ)
<table>
<tr><th>ധന സൂചകങ്ങൾ</th><th></th><th>2011-12</th><th>2012-13</th><th>2013-14</th><th>2014-15</th></tr>
<tr><td rowspan="2">റവന്യൂ കമ്മി/ ജി.എസ്.ഡി.പി</td><td>ലക്ഷ്യം</td><td>1.4</td><td>0.9</td><td>0.5</td><td>0</td></tr>
<tr><td>നേട്ടം</td><td>2.61</td><td>2.68</td><td>2.44</td><td>2.65</td></tr>
<tr><td rowspan="2">ധന കമ്മി/ ജി.എസ്. ഡി.പി</td><td>ലക്ഷ്യം</td><td>3.5</td><td>3.5</td><td>3.0</td><td>3.0</td></tr>
<tr><td>നേട്ടം</td><td>4.16</td><td>4.29</td><td>3.66</td><td>3.59</td></tr>
<tr><td rowspan="2">കട ബാദ്ധ്യത/ ജി.എസ്. ഡി.പി</td><td>ലക്ഷ്യം</td><td>32.3</td><td>31.7</td><td>30.7</td><td>29.8</td></tr>
<tr><td>നേട്ടം</td><td>29.04</td><td>29.64</td><td>26.71</td><td>26.05</td></tr>
</table>
സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് സാധിക്കാതിരിക്കുന്നത്. എന്നാൽ കടം / ജി.എസ്.ഡി.പി. അനുപാതം ലക്ഷ്യത്തിനുള്ളിൽ തന്നെ നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.</td></tr>
<tr><td>ബി</td><td>പ്രസ്തുത നിയമ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമായി കുറച്ചു കൊണ്ടു വരണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സാധിച്ചിരുന്നോ;</td></tr>
<tr><td>സി</td><td>റവന്യൂ കമ്മി കുറച്ചു കൊണ്ടു വരുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ</td><td>സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ</td></tr>
</table>

| | | |
|---|---|---|
| | എന്തൊക്കെയാണ്; തനത് നികുതി വരുമാനം വർദ്ധിപ്പിച്ചു കൊണ്ട് റവന്യൂ കമ്മി പടിപടിയായി കുറച്ചുകൊണ്ടു വരിക എന്ന സമീപനം വിജയപ്രദമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | കൈക്കൊണ്ടു വരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും റവന്യൂകമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br>ജി.എസ്.ടി -യുടെ ഭാഗമായി ഫെബ്രുവരി ഒന്നു മുതൽ ഇ-വേ ബിൽ സമ്പ്രദായം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.<br>അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>സംസ്ഥാന തനത് നികുതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുമാണ് റവന്യൂകമ്മി നിയന്ത്രിക്കുന്നതിന് തടസ്സമായ കാരണങ്ങൾ. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

| | | |
|---|---|---|
| ഡി | സംസ്ഥാനങ്ങളുടെ ഡെബ്റ്റ് സസ്റ്റെനബിലിറ്റി അടിസ്ഥാനമാക്കി ധനകമ്മിയുടെ ലക്ഷ്യം നിശ്ചയിക്കണമെന്നും അതിലൂടെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ വായ്പ എടുക്കുന്നതിനായി സംസ്ഥാന സർക്കാരുകളെ അനുവദിക്കണമെന്നുമുള്ള ആവശ്യം കേന്ദ്രത്തിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | നിലവിലുള്ള നിശ്ചിത സംഖ്യാടിസ്ഥാനത്തിലുള്ള ധനകമ്മി/ജി.എസ്.ഡി.പി ലക്ഷ്യം 4 മുതൽ 6 വരെയുള്ള പരിധിക്കുള്ളിൽ നിജപ്പെടുത്തണമെന്നും സമ്പദ്ഘടനയുടെ വളർച്ചയെ ബന്ധപ്പെടുത്തി ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കണമെന്നും കേന്ദ്രസർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മറ്റിയോട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. നിലവിൽ അനുവദിച്ചിട്ടുള്ള കടമെടുപ്പ് പരിധി ജി.എസ്.ഡി.പി. -യുടെ 3 % ആണ്. ഇത് അപര്യാപ്തമായതിനാൽ 2018-19 വർഷത്തിൽ പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ പരിധി ജി.എസ്.ഡി.പി. -യുടെ 3.5 ശതമാനമായി ഉയർത്തണമെന്ന് കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**